# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം: ജില്ലയിൽ പരിശീലനം തുടരുന്നു

കൊച്ചി: ജില്ലയിൽ എൽ.ഇ.ഡി.എസ്. എന്ന സന്നദ്ധ സംഘടനയുടെ നേതൃത്വത്തിൽ നടത്തുന്ന യന്ത്രവത്കൃത തെങ്ങുകയറ്റ പരിശീലന പരിപാടിയുടെ അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പുത്തൻവേലിക്കര അസ്സീസി ഭവൻ കേന്ദ്രീകരിച്ച് ഈമാസമാണ് പരിശീലനം. സ്ഥിരം വരുമാനം ആഗ്രഹിക്കുന്ന 18നും 40നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള യുവതീയുവാക്കൾക്ക് അപേക്ഷിക്കാം. അപേക്ഷകർ കുറഞ്ഞത് ഏഴാംക്ലാസ് പാസായിരിക്കണം. ഒരു ബാച്ചിൽ 20 പേർക്ക് താമസിച്ചുള്ള പരിശീലനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആറു ദിവസം നീളുന്ന പരിശീലന പരിപാടിയിൽ താമസ സൗകര്യം, ഭക്ഷണം എന്നിവ ലഭ്യമാണ്. കൂടാതെ 150 രൂപ ദിവസ ബത്തയും ലഭിക്കും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നാളികേര വികസന ബോർഡ് സൗജന്യമായി തെങ്ങുകയറ്റ മെഷീൻ നൽകുന്നതാണ്. കൂടാതെ സൗജന്യ ഇൻഷ്വറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. അതാത് ജില്ലകളിൽ രണ്ടാംഘട്ട പരിശീലനം പൂർത്തിയാക്കുന്ന 5000 പേർക്കു മാത്രമാണ് യന്ത്രം സൗജന്യമായി നൽകുന്നത്. യന്ത്രവത്കൃത തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ച് നല്ല വരുമാനം ലഭിക്കുവാനും കേരകർഷകർക്ക് സേവനമൊരുക്കുവാനും താല്പര്യമുള്ള യുവാക്കൾ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടണം. 9744908114, 999544335, 9447818993.